ഐ.ജി. റാങ്കിലുള്ള തസ്തികകൾ

36 (1504) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മമ്മൂട്ടി :
ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് വകുപ്പിൽ ഐ.ജി. റാങ്കിലുള്ളവരുടെ എത്ര തസ്തികകൾ നിലവിലുണ്ട് ;

(ബി) ഇവരുടെ എണ്ണം കുറയ്ക്കുന്നതിന് ആലോചിക്കുന്നുണ്ടോ ;

(സി) എങ്കിൽ വകുപ്പിന്റെ കാര്യക്ഷമതയെ ബാധിക്കാതെ എത്ര തസ്തികകൾ കുറയ്ക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പോലീസ് വകുപ്പിൽ ഐ.ജി. റാങ്കിൽ 11 തസ്തികകൾ നിലവിലുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സേനയിലെ മികച്ച കായിക താരങ്ങൾക്ക് സൗജന്യമായി ഭൂമി പതിച്ചു നല്കുന്ന നടപടി

37 (1505) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിലെ മികച്ച കായിക താരങ്ങളായ എത്ര പോലീസ് ഉദ്യോഗസ്ഥർക്ക് സർക്കാർ സൗജന്യമായി ഭൂമി പതിച്ചു നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇപ്രകാരം സ്വന്തം ആവശ്യത്തിന് വീടുവയ്ക്കുന്നതിനായി കായിക താരങ്ങളായ എത്ര പോലീസ് ഉദ്യോഗസ്ഥർ സർക്കാരിൽ നിന്നും സൗജന്യമായി സ്ഥലം പതിച്ചുകിട്ടുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട് ;

(സി) അവർ ആരെല്ലാം ആണെന്നത് സംബന്ധിച്ച വിശദവിവരം നല്കുമോ ;

(ഡി) ഇവരിൽ ആരുടെയെല്ലാം അപേക്ഷ പരിഗണനയിലുണ്ട് ; ആരുടെയെല്ലാം അപേക്ഷ നിരസിച്ചിട്ടുണ്ട് ; നിരസിച്ചതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) അർജ്ജുന അവാർഡ് ജേതാക്കളുടെ ദേശീയ-അന്തർദേശീയ മീറ്റുകളിൽ മെഡൽ നേടിയവരുമായ കായികതാരങ്ങളായ പോലീസ് ഉദ്യോഗസ്ഥരുടെ അപേക്ഷ പരിഗണിച്ച്, ഇവർക്കും മറ്റുള്ളവരെപ്പോലെ വീടുവയ്ക്കാനാവശ്യമായ ഭൂമി സർക്കാർ സൗജന്യമായി പതിച്ചുനല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഫുട്ബോൾ താരമെന്ന നിലയിൽ കൈവരിച്ച നേട്ടങ്ങൾ പരിഗണിച്ച് കെ.എ.പി. ബറ്റാലിയനിലെ അസിസ്റ്റന്റ് കമാന്റണ്ടായ, മുൻ കേരള പോലീസ് ഫുട്ബോൾ താരം ശ്രീ. സി. വി. പാപ്പച്ചന് സർക്കാർ വക ഭൂമി സൗജന്യമായി നല്കിയിട്ടുണ്ട്. ഇത് റവന്യൂ വകുപ്പ് വഴിയാണ് നൽകിയിട്ടുള്ളത്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

(ഡി&ഇ) വിവരം ശേഖരിച്ചുവരുന്നു.

പോലീസ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

38 (1506) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പോലീസ് ഹെഡ്ക്വാർട്ടേഴ്സ് മുതൽ പോലീസ് സ്റ്റേഷൻ വരെ കംപ്യൂട്ടർവൽക്കരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

പോലീസ് സ്റ്റേഷൻതലം മുതൽ ഡി.ജി.പി. ഓഫീസ് വരെ കംപ്യൂട്ടറൈസ് ചെയ്യുവാൻ ഉദ്ദേശ്യമുണ്ട്. ഇതിനായി മോഡേണൈസേഷൻ സ്കീം 2001-02-ൽ 475.01 ലക്ഷം രൂപയുടെ പദ്ധതി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ഇത് ഘട്ടം ഘട്ടമായി നടപ്പിലാക്കുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

പോലീസ് സേനയുടെ നവീകരണം

39 (1507) ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. എം. മുരളി :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോലീസ് സേനയുടെ നവീകരണത്തിന്റെ ഭാഗമായി സംസ്ഥാന പോലീസ് സേനയെ ഏറ്റവും മെച്ചപ്പെട്ടതാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം വിധത്തിലുള്ള പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു ;

(സി) മൂന്നാംമുറ പ്രയോഗത്തിൽ നിന്ന് പിന്തിരിയുന്നതിനും ശാസ്ത്രീയ രീതികളവലംബിച്ച് കേസ്സുകൾക്ക് തുമ്പുണ്ടാക്കുവാനുമായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly